## ഉൾകാഴ്ച

### I. ലേവ്യ 25:8-17-ലെ യോബേൽ സംവത്സരം യെശയ്യാവ് 61:1-3-ൽ ഒരു പ്രവചനമായി രേഖപ്പെടുത്തുകയും ലൂക്കൊസ് 4:16-22-ൽ യാഥാർഥ്യത്തിൽ നിറവേറുകയും ചെയ്തു

- യോബേൽ സംവത്സരത്തിൽ രണ്ട് പ്രധാന അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു: ①തന്റെ നഷ്ടപ്പെട്ട അവകാശത്തിലേക്കുള്ള ഓരോ മനുഷ്യന്റെയും തിരിച്ചുവരവും; ②അടിമത്തത്തിൽ നിന്നുള്ള മോചനവും. പുതിയനിയമ യോബേലിൽ വിശ്വാസികൾ തങ്ങളുടെ നഷ്ടപ്പെട്ട ദിവ്യ അവകാശമായ ദൈവത്തിങ്കലേക്ക് മടങ്ങിവന്നിരിക്കുന്നു എന്നും, എല്ലാ ബന്ധനത്തിൽനിന്നും മോചിക്കപ്പെട്ടിരിക്കുന്നു എന്നും, അവരുടെ ദിവ്യ കുടുംബമായ സഭയിലേക്ക് മടങ്ങിവന്നിരിക്കുന്നു. [Lev. 25:10] അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകലനിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കേണം; അതു നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം: നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം..

- നിറവേറലിൽ യോബേൽ, പാപത്തിന്റെ തടവുകാരെ ദൈവം സ്വീകരിക്കുകയും പാപത്തിന്റെ അടിമത്തത്തിൽ കീഴിൽ പീഡയേറ്റവർ ദൈവത്തിന്റെ രക്ഷയുടെ മോചനം ആസ്വദിക്കുകയും ചെയ്യുന്ന സമയമായ കൃപയുടെ യുഗമായ പുതിയനിയമ യുഗത്തെ സൂചിപ്പിക്കുന്നു. കൃപയുടെ യുഗത്തിലുള്ള വിശ്വാസികളുടെ യോബേലിൻ ആസ്വാദനം (അവരോടുള്ള ദൈവത്തിന്റെ കൃപയായി ക്രിസ്തുവിനെ അവർ ആസ്വദിക്കുന്നത്) സഹസ്രാബ്ദത്തിൽ യോബേലിന്റെ പൂർണ്ണ ആസ്വാദനത്തിലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ സവിസ്താരമായ ആസ്വാദനത്തിലും പരിണമിക്കും. [Luke 4:18-19] "ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ, കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; തടവുകാർക്കു വിടുതൽ പ്രഖ്യാപിക്കുവാനും, കുരുടന്മാർക്കു കാഴ്ച പ്രത്യു ദ്ധരിക്കുവാനും, പീഡിതരെ വിടുതലോടെ അയയ്ക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു, കർത്താവിന്റെ സ്വീകാര്യ വർഷം, യോബേൽ സംവത്സരം, പ്രഖ്യാപിക്കുവാൻ തന്നെ." [Luke 4:21] ..ഈ തിരുവെഴുത്ത് ഇന്നു നിങ്ങളുടെ കേൾവിയിൽ നിവൃത്തിയായിരിക്കുന്നു...

### II. ക്രിസ്തുവിന്റെ കൃപയുടെ വചനങ്ങളാൽ നമ്മുടെ ആസ്വാദനത്തിനായി നമ്മിലേക്ക് പകരപ്പെടുന്ന കൃപയായ ക്രിസ്തുവിന്റെ യുഗമാണ് യോബേൽ സംവത്സരം; പുതിയനിയമ യോബേൽ നമ്മുടെ രക്ഷയുടെ ഹർഷോന്മാദത്തിന്റെ യുഗമാണ്

- ക്രിസ്തുവിന്റെ കൃപയുടെ വചനങ്ങളാൽ നമ്മുടെ ആസ്വാദനത്തിനായി നമ്മിലേക്ക് പകരപ്പെടുന്ന കൃപയായ ക്രിസ്തുവിന്റെ യുഗമാണ് യോബേൽ സംവത്സരം; പുതിയനിയമ യോബേൽ നമ്മുടെ രക്ഷയുടെ ഹർഷോന്മാദത്തിന്റെ യുഗമാണ്. യോബേൽ അർഥമാക്കുന്നത് വ്യസനമോ ഉൽക്കണ്ഠയോ ഇല്ല, ആകുലതയോ കരുതലോ ഇല്ല, അഭാവമോ കുറവോ ഇല്ല, രോഗമോ ദുരിതമോ ഇല്ല, യാതൊരു വിധ പ്രശ്നങ്ങളും ഇല്ല, പകരം എല്ലാ ആനുകൂല്യങ്ങളും ഉണ്ടെന്നാണ്. കർത്താവായ യേശുവിനെ നമ്മുടെ ഉള്ളിലെ യഥാർഥ യോബേലായി നാം സ്വീകരിക്കണം; നമുക്ക് അവനുണ്ടെങ്കിൽ, നമ്മുടെ അവകാശമായി നമുക്ക് ദൈവമുണ്ടായിരിക്കുകയും, യഥാർഥ സ്വാതന്ത്ര്യവും വിശ്രമവും ഉണ്ടായിരിക്കുവാൻ കഴിയുകയും ചെയ്യും. നമ്മിൽ ജീവിക്കുവാൻ നാം ക്രിസ്തുവിനെ അനുവദിക്കുകയും അവനാൽ നാം ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ, സകലവും നമ്മുടെ സംതൃപ്തിക്കാണ്. നമ്മുടെ ആസ്വാദനമായി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നാം നേടിയതിനുശേഷം മാത്രമേ സകലവും നമുക്ക് തൃപ്തികരമായിരിക്കുകയുള്ളൂ. [1 Pet. 1:8] അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു, [Phil. 3:8] അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,.

### III. ലൂക്കൊസ് 4-ലെ യോബേലിന്റെ പ്രഖ്യാപനം ലൂക്കൊസിന്റെ മുഴുവൻ സുവിശേഷത്തിന്റെയും കേന്ദ്ര ചിന്തയെ നിയന്ത്രിക്കുന്നു; ലൂക്കൊസ് 10-ലെ ശമര്യാക്കാരന്റെയും ലൂക്കൊസ് 15-ലെ ധൂർത്തുപുത്രന്റെയും ഉപമകൾ യോബേലിന്റെ മികച്ച ഉദാഹരണങ്ങളാണ്

- മനുഷ്യ-രക്ഷകൻ നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്നതും പാപിയെ രക്ഷിക്കുന്നതുമായ തന്റെ ശുശ്രൂഷാ യാത്രയിൽ യെഹൂദ കൊള്ളക്കാരാൽ മുറിവേറ്റിട്ട്, ദയനീയവും മരിക്കുന്നതുമായ അവസ്ഥയിൽ മുറിവേറ്റ പീഡിതൻ കിടന്ന സ്ഥലത്തേക്ക് ഇറങ്ങിവന്നു അവന്റെ ദിവ്യത്വത്തോടുകൂടിയ അവന്റെ മനുഷ്യത്വത്തിൽ അവന് മനസ്സലിവുണ്ടാകുകയും അവന്റെ അടിയന്തിര ആവശ്യം പൂർണ്ണമായി നിറവേറ്റിക്കൊണ്ട് ആർദ്രമായ സൗഖ്യവും രക്ഷാകരമായ പരിചരണവും അവന് നൽകുകയും ചെയ്തു. ധൂർത്തുപുത്രന്റെ ഉപമയിൽ അവതരിപ്പിച്ചിരിക്കുന്ന മനുഷ്യ-രക്ഷകൻ തന്റെ മേയിച്ചുകൊണ്ടുള്ള അന്വേഷണത്തെയും, പിതാവിന്റെ സ്നേഹമുള്ളതും, ക്ഷമിക്കുന്നതും, മനസ്സലിവുള്ളതുമായ ഹൃദയത്തോടുകൂടെ രക്ഷിക്കുന്ന ആത്മാവിനെയും കാണിക്കുന്നു. രക്ഷിക്കപ്പെടുക എന്നാൽ: ① തന്റെ അവകാശത്തിലേക്കും തന്റെ പിതാവിന്റെ ഭവനത്തിലേക്കും മടങ്ങി വരിക; ②ദൈവത്തെ നേടുന്നതാണ്; ദൈവം ഉള്ളപ്പോൾ നമുക്ക് എല്ലാമുണ്ട്; ദൈവമില്ലെങ്കിൽ നമുക്ക് ഒന്നുമില്ല.

- ഒരു ദിവസം ധൂർത്തുപുത്രൻ തന്റെ അവകാശത്തിലേക്കും തന്റെ പിതാവിന്റെ ഭവനത്തിലേക്കും മടങ്ങിവന്നു; അതൊരു യോബേൽ, ഒരു വിമോചനം, ആയിരുന്നു. ദൈവം ക്രിസ്തുവിൽ നമ്മുടെ അനുഗൃഹീത ഓഹരിയായിത്തീർന്നിരിക്കുന്നു, എന്നാൽ അനേകം ക്രിസ്ത്യാനികൾ ദൈവത്തെ അവരുടെ ഓഹരിയായി എടുത്തിട്ട് "സ്വിച്ച് ഓൺ" ചെയ്യാത്തതുകൊണ്ട് അവർ അസന്തുഷ്ടരും പ്രകാശിക്കാത്ത വിളക്കുകൾ പോലെയുമാണ്. ആസ്വാദനത്തിന് ക്രിസ്തുവിൽ ദൈവം തടിപ്പിച്ച കാളക്കുട്ടിയായിത്തീർന്നിരിക്കുന്നു. ഇത് ലേവ്യ 25:11-12-നോട് യോജിക്കുന്നു; യോബേൽ സംവത്സരത്തിൽ ജനം വിതയ്ക്കുവാനോ കൊയ്യുവാനോ പാടില്ലെന്നും, തിന്നുകയും ആസ്വദിക്കുകയും മാത്രം ചെയ്യണമെന്നും അതു പറയുന്നു;. നാം പിതാവിന്റെ കൂലിക്കെടുത്ത ദാസന്മാരല്ല, അവന്റെ ആസ്വദിക്കുന്ന പുത്രന്മാരാണ്. ഇപ്പോൾ മുതൽ നിത്യത വരെ നമുക്ക് ദൈവത്തെ നമ്മുടെ അവകാശമായി നിരന്തരം ആസ്വദിക്കുവാൻ കഴിയും [Luke 15:20] അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു. [Luke 15:23] തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം,

**അനുഭവം**

**IV. പുതിയനിയമ യോബേലിന്റെ സ്വാതന്ത്ര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും യാഥാർഥ്യമായി ക്രിസ്തുവിനെ നാം ആസ്വദിക്കണം**

- യോബേലിന്റെ യാഥാർഥ്യമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് മറിയയുടെ മാതൃക നാം പിന്തുടരണം: ①അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു, അതായത്, കർത്താവിനെ കൃപയായി സ്വീകരിക്കുന്നതിന് അവൾ അവളെത്തന്നെ ഒരു എളിയ സ്ഥാനത്ത് നിർത്തി; താഴ്മ എന്നത് നമ്മെത്തന്നെ താഴ്ത്തിക്കെട്ടുന്നതല്ല; താഴ്മ നമ്മെത്തന്നെ അവഗണിക്കുകയും, നമ്മെത്തന്നെ നിരാകരിക്കുകയും, നമ്മെത്തന്നെ ഒന്നുമല്ലെന്ന് കരുതുകയും ചെയ്യുന്നതാണ് ; ②അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു, അതായത്, കർത്താവിനെ കൃപയായി സ്വീകരിക്കുന്നതിന് അവൾ അവളെത്തന്നെ ഒരു എളിയ സ്ഥാനത്ത് നിർത്തി ; ③അവൾ താഴെ ഇരിക്കുകയായിരുന്നു; കർത്താവിന്റെ മുമ്പാകെ സ്വൈര്യമായിരിക്കുന്നത് പലപ്പോഴും ആത്മിക ബലത്തിന്റെ ഉറവിടമാണ് ; മനുഷ്യന്റെ കണ്ണുകളും ചിന്തകളും പലപ്പോഴും പുറം ലോകത്തിലേക്ക് വ്യതിചലിക്കപ്പെടുന്നു; അലഞ്ഞുതിരിയുന്ന മനസ്സും ചാഞ്ചാടുന്ന ചിന്തകളുമായി തിരക്കുള്ളവർക്ക് വേഗത്തിൽ വെളിപാട് സ്വീകരിക്കുവാൻ കഴിയുകയില്ല; ④അവൾ കർത്താവിന്റെ വാക്ക് ശ്രവിക്കുന്നത്, അവൾ നിരന്തരം കർത്താവിനെ സ്വീകരിക്കുകയും അവനെ നേടുകയും ചെയ്യത്തക്കവണ്ണം, കർത്താവിന് അവനെത്തന്നെ അവളിലേക്ക് ആശയവിനിമയം നടത്താനുള്ള അവസരം നൽകി. [Luke 10:39] അവൾക്കു മറിയ എന്നു വിളിക്കപ്പെട്ട ഒരു സഹോദരി ഉണ്ടായിരുന്നു, അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം ശ്രവിച്ചുകൊണ്ടിരുന്നു.. [Isa. 30:15a] ..മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; ...

- ആദ്യം, സാത്താൻ നമ്മെ പിടികൂടി; പിന്നീട് അവൻ നമ്മുടെ പാപങ്ങളുടെ പ്രചോദകനായി, പ്രേരകനായി, നമ്മിൽ വസിക്കുവാൻ വന്നു; തൽഫലമായി, അവൻ നമ്മുടെ നിയമവിരുദ്ധനായ യജമാനനായിത്തീരുകയും, നമുക്ക് നന്മ ചെയ്യുവാൻ കഴിയാതെ, പാപങ്ങൾ മാത്രം ചെയ്യുവാൻ കഴിയുന്ന അളവിലേക്ക് നാം അവന്റെ ബന്ധന്മാരായിത്തീരുകയും ചെയ്തു. റോമർ-7:24 ലെ പൗലൊസിന്റെ നിരാശാജനകമായ നിലവിളിക്ക് റോമർ 8:2-ൽ ഉത്തരം ലഭിക്കുന്നു; ജീവന്റെ ആത്മാവിന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ നമ്മെ സ്വാതന്ത്രരാക്കുന്നുവെന്ന് അതു പറയുന്നു.; ജീവന്റെ ആത്മാവിന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കുന്നു; ഈ പ്രമാണം ജീവൻ-നൽകുന്ന ആത്മാവായിത്തീരുവാൻ മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോയ കർത്താവു തന്നെയാണ്. നാം മതിയാംവണ്ണം കർത്താവിനെ ആസ്വദിക്കുന്നില്ലെങ്കിൽ, നിരവധി കാര്യങ്ങൾക്ക് നാം അപ്പോഴും അടിമത്തത്തിലായിരിക്കും; നിശ്ചയദാർഢ്യമുള്ളതുകൊണ്ട് പ്രയോജനമില്ല; കർത്താവിനെ ഭക്ഷിക്കുവാനും ആസ്വദിക്കുവാനും നാം നിരന്തരം അവന്റെ അടുക്കൽ വരണം; യോബേലിന്റെ ജീവിതം ക്രിസ്തുവിന്റെ ആസ്വാദനത്തിലുള്ള ഒരു ജീവിതമാണ്, നമ്മുടെ അവകാശവും യഥാർഥ സ്വാതന്ത്ര്യവുമെന്ന നിലയിൽ ദൈവത്തെ ആസ്വദിക്കുന്ന ഒരു ജീവിതമാണ്. ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ നിവർത്തിക്കുവേണ്ടി സുവിശേഷത്തെ—ക്രിസ്തുവിനെ കൃപയുടെ യോബേലായി—ജീവിക്കുകയും ഘോഷിക്കുകയും ചെയ്തുകൊണ്ട് നാം ഇന്നത്തെ ശുശ്രൂഷകന്മാരും സാക്ഷികളും ആയിരിക്കണം. [Rom. 8:2] എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു. [Acts. 26:18] അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.